## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1090** **14.01.2021 ൽ മറുപടിയ്ക്ക്**

### നിരോധിത ലഹരി വസ്തുക്കളുടെ ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ടി.തോമസ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷം ഡി.ജെ.പാർട്ടികളിലും നിശാപാർട്ടികളിലും നിരോധിത ലഹരിവസ്തുക്കൾ ഉപയോഗിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയെന്നറിയിക്കുമോ; | (എ) | എക്സൈസ് വകുപ്പ് ഇതുമായി ബന്ധപ്പെട്ട് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) | ഇത്തരം പാർട്ടികൾ നടന്ന ഹോട്ടൽ/ഹോളിഡേ ഹോം എന്നിവയുടെ അധികാരികൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (ബി) | ബാധകമല്ല. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ നടപടികൾ വിശദമാക്കാമോ? | (സി) | ഡി.ജെ.പാർട്ടികളിലും, നിശാപാർട്ടികളിലും ലഹരി ഉപയോഗം തടയുന്നതിനായി എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ സഹായത്തോടെ രഹസ്യ വിവരങ്ങൾ ശേഖരിച്ച്, അത്തരം സ്ഥലങ്ങളിൽ ശക്തമായ പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്. വിനോദസഞ്ചാര മേഖലകൾ, ഫ്ലാറ്റുകൾ, ഐ.റ്റി.മേഖലകൾ, ഹോളിഡേ ഹോമുകൾ, റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ തുടർച്ചയായ രഹസ്യ നിരീക്ഷണവും പട്രോളിംഗും നടത്തി കർശന നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ